ഇഗ്നോയുടെ ലൈബ്രറി സയൻസ് ഡിഗ്രി കോഴ്സ്

135 (3012) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഇഗ്നോ'യുടെ ലൈബ്രറി സയൻസ് ഡിഗ്രി കോഴ്സ് കേന്ദ്ര സർക്കാരും സംസ്ഥാനത്തെ കാലിക്കറ്റ്- കൊച്ചിൻ-എം.ജി. സർവ്വകലാശാലകളും ഉപരിപഠനത്തിനും ജോലിയിൽ പ്രവേശിക്കുന്നതിനും അംഗീകരിച്ചിട്ടുള്ളതാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള യൂണിവേഴ്സിറ്റി പ്രസ്തുത കോഴ്സ് ജോലിയിലുള്ളവർക്ക് പ്രമോഷൻ നൽകുന്നതിന് മാത്രമേ അംഗീകരിച്ചിട്ടുള്ളൂ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കോഴ്സ് ഉപരിപഠനത്തിനും ജോലിയിൽ പ്രവേശിക്കുന്നതിനും കേരള യൂണിവേഴ്സിറ്റിയിലും അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിയമാനുസൃതമുള്ള അപേക്ഷ ലഭിച്ചാൽ സർവ്വകലാശാലയുടെ അക്കാഡമിക് സമിതികളുടെ തീരുമാനത്തിന് വിടുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ

136 (3013) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് എത്ര ഓഫീസുകൾ ഉണ്ടായിരുന്നു; അവ എവിടെയൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) 31-1-2000-ൽ എത്ര ഓഫീസുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാരും , താൽക്കാലിക ജീവനക്കാരും എത്ര വീതം ഉണ്ടായിരുന്നു ;

(ഡി) 31-1-2000-ൽ മൊത്തം സ്ഥിരം ജീവനക്കാർ എത്ര ? മൊത്തം താൽക്കാലികമോ ; കോൺട്രാക്ട് അടിസ്ഥാനത്തിലോ ഉള്ള ജീവനക്കാർ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) 7-7-1999നു ശേഷം എത്ര താൽക്കാലിക ജീവനക്കാർക്ക് നിയമനം നൽകിയെന്നും അവർ ആരെല്ലാം ആണെന്നും ഉള്ള വിവരം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 7-7-1999നു ശേഷം ഏതെങ്കിലും ജീവനക്കാരന് സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെയാണെന്നും അവരുടെ ഔദ്യോഗിക പദവികൾ എന്തൊക്കെയെന്നും അറിയിക്കാമോ ;

(ജി) 1-6-1996-ന് ശേഷം താൽക്കാലികമായി നിയമനം ലഭിച്ചിരുന്നവരിൽ ആർക്കെങ്കിലും പിന്നീട് സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെയെന്നും, ഇപ്പോഴത്തെ അവരുടെ ഔദ്യോഗിക പദവികൾ എന്ത് എന്നും അറിയിക്കാമോ ;

(എച്ച്) ഇങ്ങനെ താൽക്കാലിക ജീവനക്കാരെ സ്ഥിരം ആക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിരുന്നു എന്ന് അറിയിക്കാമോ ;

(ഐ) 7-7-1999നു ശേഷം കോൺട്രാക്ട് അടിസ്ഥാനത്തിൽ ദിവസക്കൂലിക്കോ, താൽക്കാലികമായോ നിയമിച്ചവരിൽ എത്ര ജീവനക്കാർ എംപ്ലായ്മെന്റ് എക്സ്ചേഞ്ച് വഴി വന്നവർ ആണെന്ന് അറിയിക്കാമോ ;

(ജെ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ സ്ഥിരം നിയമനങ്ങൾ പി. എസ്. സി. വഴിയും താൽക്കാലിക നിയമനങ്ങൾ എംപ്ലായ്മെന്റ് എക്സ്ചേഞ്ച് വഴിയും മാത്രം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(കെ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ ഇപ്പോഴത്തെ ഡയറക്ടറുടെ കാലാവധി എന്നാണ് അവസാനിച്ചത് ; ഡയറക്ടറുടെ കാലാവധി നീട്ടികൊടുത്തിട്ടുണ്ടോ ;

(എൽ) ഉണ്ടെങ്കിൽ മന്ത്രിസഭയുടെ അനുവാദത്തോടു കൂടിയാണോ കാലാവധി നീട്ടികൊടുത്തത്; എത്ര കാലത്തേയ്ക്ക് ആണ് കാലാവധി നീട്ടി കൊടുത്തത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരള സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് ഹെഡ് ഓഫീസ് അടക്കം 10 ഓഫീസുകൾ പ്രവർത്തിച്ചിരുന്നു. അവ താഴെപ്പറയുന്നവയാണ്.

1. ഹെഡ് ഓഫീസ്, പുന്നപുരം, തിരുവനന്തപുരം
2. പബ്ലിക്കേഷൻ ഡിവിഷൻ, കൈതമുക്ക്, തിരുവനന്തപുരം
3. ട്രെയിനിംഗ് വിംഗ്, ആസാദ് കോംപ്ലക്സ്, തിരുവനന്തപുരം
4. സബ് സെന്റർ , കൊല്ലം
5. സബ് സെന്റർ , എറണാകുളം
6. സബ് സെന്റർ , തിരൂർ
7. സബ് സെന്റർ , കോഴിക്കോട്
8. റിപ്രോഗ്രാഫിക് കോംപ്ലക്സ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം
9. ട്രെയിനിംഗ് സെന്റർ, മാവൂർ
10. സബ് സെന്റർ, പത്തനംതിട്ട

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-1-2000-ൽ താഴെ പറയുന്ന 18 ഓഫീസുകൾ ഉണ്ട്.

1. ഹെഡ് ഓഫീസ്, പുന്നപുരം, തിരുവനന്തപുരം
2. പബ്ലിക്കേഷൻ ഡിവിഷൻ, കൈതമുക്ക്, തിരുവനന്തപുരം
3. ട്രെയിനിംഗ് വിംഗ്, ആസാദ് കോംപ്ലക്സ്, തിരുവനന്തപുരം
4. സബ് സെന്റർ , കൊല്ലം
5. സബ് സെന്റർ , എറണാകുളം
6. സബ് സെന്റർ , തിരൂർ
7. സബ് സെന്റർ , കോഴിക്കോട്
8. റിപ്രോഗ്രാഫിക് കോംപ്ലക്സ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം
9. സബ് സെന്റർ, പത്തനംതിട്ട
10. സബ് സെന്റർ, കോട്ടയം
11. സബ് സെന്റർ, തൊടുപുഴ
12. സബ് സെന്റർ, ആലപ്പുഴ
13. എക്സ്റ്റെൻഷൻ സെന്റർ, ഈരാറ്റുപേട്ട
14. എക്സ്റ്റെൻഷൻ സെന്റർ, അഞ്ചൽ
15. എക്സ്റ്റെൻഷൻ സെന്റർ, കടുത്തുരുത്തി
16. എക്സ്റ്റെൻഷൻ സെന്റർ, വടകര
17. ആഡിയോ വിഷ്വൽ വിംഗ്, ശാസ്തമംഗലം, തിരുവനന്തപുരം
18. ട്രെയിനിംഗ് വിംഗ്, വെസ്റ്റ് ഹിൽ, കോഴിക്കോട് (ഇത് കോഴിക്കോട് സബ് സെന്ററിന്റെ അനക്സാണ്)

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത സെന്ററിലുള്ള സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും കണക്കുകൾ താഴെ കൊടുക്കുന്നു.

സ്ഥിരം ജീവനക്കാർ	-	236
ഡെപ്യൂട്ടേഷൻ ജീവനക്കാർ	-	3
കരാർ ജീവനക്കാർ	-	19
ദിവസ വേതനക്കാർ	-	74
ആകെ		331 പേർ

(ഡി)

സ്ഥിരം ജീവനക്കാർ	-	344
കരാർ ജീവനക്കാർ	-	551
ദിവസ വേതനക്കാർ	-	103
ഡെപ്യൂട്ടേഷൻ ജീവനക്കാർ	-	1
ആകെ		999 പേർ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതിയതായി തുടങ്ങിയ വടകര സെന്ററിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനും പ്രിന്റിംഗ് ഹെൽപ്പർ ജോലിയുമായി ശശി നെല്ലൂർ, പ്രശാന്ത്. വി. എന്നിവരെ ദിവസവേതനത്തിൽ എടുത്തിട്ടുണ്ട്.

(എഫ്) സ്ഥിരം നിയമനം നടത്തിയിട്ടില്ല.

(ജി) താൽക്കാലിക നിയമനം ലഭിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ ആർക്കും തന്നെ സ്ഥിരം നിയമനം നൽകിയിട്ടില്ല.

(എച്ച്) സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

(ഐ) എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആരെയും നിയമിച്ചിട്ടില്ല.

(ജെ) ഇപ്പോൾ പരിഗണനയിലില്ല.

(കെ) സാധാരണഗതിയിൽ 31-10-1999-ൽ അവസാനിക്കുമായിരുന്ന മാനേജിംഗ് ഡയറക്ടറുടെ സേവനകാലം സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് ഗവേണിംഗ് ബോഡി നീട്ടിക്കൊടുക്കുകയുണ്ടായി.

(എൽ) സെന്ററിന്റെ സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സെന്ററിലെ സ്ഥിരം ജീവനക്കാരുടെ കാലാവധി പരമാവധി രണ്ടു വർഷം വരെ നീട്ടികൊടുക്കുന്നതിന് ഗവേണിംഗ് ബോഡിക്ക് അധികാരമുണ്ട്. മാനേജിംഗ് ഡയറക്ടർക്ക് ഇപ്പോൾ ഒരു വർഷത്തേയ്ക്ക് കാലാവധി നീട്ടികൊടുത്തിട്ടുണ്ട്.

ആലപ്പുഴ പുളിങ്കുന്നൽ കൊച്ചിൻ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ്

137 (3014) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ പുളിങ്കുന്നൽ കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിരിക്കുന്നത് ആരുടെ വക സ്ഥലത്തും കെട്ടിടത്തിലുമാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കെട്ടിടം വാടകയ്ക്കാണോ ലഭിച്ചിരിക്കുന്നത് ;

(സി) എങ്കിൽ പ്രതിമാസ വാടക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര വർഷത്തേയ്ക്കാണ് ഈ കെട്ടിടം ലഭിച്ചിരിക്കുന്നത് ;

(ഇ) എഞ്ചിനീയറിംഗ് കോളേജിനുവേണ്ടി ഈ സ്ഥലവും കെട്ടിടവും സജ്ജമാക്കാൻ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ വർക്കിന്റെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു ; എസ്റ്റിമേറ്റ് തുകയേക്കാൾ എത്ര ശതമാനം കൂട്ടിയാണ് വർക്ക് നൽകിയിരിക്കുന്നത് ;

(ജി) ടെൻഡർ നൽകിയ വ്യക്തിയാണോ ഈ വർക്ക് നൽകിയിരിക്കുന്നത് ; എങ്കിൽ ടെൻഡർകാരന്റെ പേരു വിവരം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly